ഭരണഭാഷ- മാതൃഭാഷ

ICDS/A6-7887/2020

വനിതശിശു വികസനഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :17 /06/2020
ഇ-മെയിൽ swdicds@gmail.com
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് കോവിഡ് 19-സൈ.സോ. പദ്ധതികൗൺസിലർമാർ -ടെലിഫോൺ മുഖാന്തിരം 10,12ക്ലാസിലെ റിസൾട്ട് കാത്തിരിക്കുന്ന കുട്ടികൾക്ക് കൗൺസിലിംഗ് സേവനം നൽകുന്നത് സംബന്ധിച്ച്

SSLC, Plus Two പരീക്ഷയുടെ ഫലങ്ങൾ ഉടനെ പുറത്തു വരുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് പരീക്ഷാഫലത്തെ സംബന്ധിച്ച സമ്മർദ്ദങ്ങൾ അതിജീവിക്കുന്നതിന് PSS Counsellorsന്റെ സേവനം അനിവാര്യമായി കാണുന്നു. ഇതിലേയ്ക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- പരീക്ഷാ ഫലവുമായി ബന്ധപ്പെട്ട് മാനസിക സമ്മർദ്ദത്തിനടിമപ്പെടാൻ സാധ്യതയുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുക. PSS Counsellors ന്റെ സ്വന്തം അറിവിൽ നിന്നുമുള്ള കുട്ടികളോടൊപ്പം അദ്ധ്യാപകരുടെ അഭിപ്രായവും ഇക്കാര്യത്തിൽ തേടേണ്ടതാണ്.വീടുകളിൽ നിന്ന് പിന്തുണ കുറവുള്ള കുട്ടികളെ പ്രത്യേകം ലിസ്റ്റ് ചെയ്യണം.
- ലിസ്റ്റിലുള്ള കുട്ടികൾക്ക് ടെലികൗൺസിലിംഗ് നൽകുകയും മുഖാമുഖമായി കാണേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന കുട്ടികളെ ഉചിതമായ സ്ഥലത്ത് വെച്ച്നേരിൽ കണ്ട് മാനസിക പിന്തുണ നൽകുകയും വേണം.
- പരീക്ഷാഫലവുമായി ബന്ധപ്പെട്ട് കുട്ടിയെ സമ്മർദ്ദത്തിലാക്കുന്നത് മാതാപിതാക്കളുടെ /മറ്റുള്ളവരുടെ ഇടപെടലുകളാണെന്ന് ബോധ്യപ്പെടുന്ന പക്ഷം കുട്ടിയോടൊപ്പം മാതാപിതാക്കൾക്ക് /മറ്റുള്ളവർക്ക് കൗൺസിലിംഗ് നൽകേണ്ടതാണ്.
- PSS കൗൺസിലർമാർ നൽകുന്ന Tele Counselling സേവനത്തെക്കുറിച്ച് വ്യാപകമായ publicity നൽകേണ്ടതാണ്. CDPO മുഖേന AEO മാരേയും PO മുഖേന DD(E) യെയും

അറിയിക്കണം. ഈ വിവരം നിർബന്ധമായും എല്ലാ സ്കൂൾ അധികൃതരുടേയും PTAയുടേയുംശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

- ആവശ്യമുള്ളഎല്ലാ കുട്ടികൾക്കും Tele counselling സേവനം നൽകേണ്ടതാണ്. ഇതിനായി കൗൺസിലർ ജോലിചെയ്യുന്ന സ്കൂളിലെ SSLC, Plus Two പരീക്ഷയെഴുതിയ മുഴുവൻ കുട്ടികളേയും ഫോണിൽ ബന്ധപ്പെടേണ്ടതാണ്.
- കുട്ടികളിൽ വിഷാദം, ആത്മഹത്യാപ്രവണത തുടങ്ങിയവ മനസ്സിലാക്കാൻ മാതാപിതാക്കളേയും മറ്റ് കുടുംബാംഗങ്ങളേയും സജ്ജരാകേണ്ടതാണ്.
- ഇത് സംബന്ധിച്ച IEC material social media/FM Local channels ൽ ഉപയോഗിക്കുവാൻ ഉതകുന്ന വിധത്തിൽ തയ്യാറാക്കേണ്ടതാണ്. 2 മിനിറ്റിൽ അധികരിക്കാത്ത audio / video clips ഇതിനായി തയ്യാറാക്കാവുന്നതാണ്. ഇങ്ങനെ തയ്യാറാക്കുന്ന IEC materials CDPO തലത്തിൽ പരിശോധിച്ച്, വകുപ്പിന് ഉപയോഗിക്കാൻ തക്കതാണെന്ന് ഉറപ്പാക്കിയതിന് ശേഷം 9947160009 എന്ന നമ്പറിലേക്ക് അയച്ച് നൽകേണ്ടതാണ്.
- PSS Counsellors ന്റെ ഈ പ്രവർത്തനങ്ങൾക്ക് അതത് CDPO മാർ, സൂപ്പർവൈസർമാർ എന്നിവർ ആവശ്യമായ പിന്തുണയും മേൽനോട്ടവും വഹിക്കേണ്ടതാണ്. ജില്ലയിലെ പ്രവർത്തനം ജില്ലാ പ്രോഗ്രാം ഓഫീസർ വിലയിരുത്തേണ്ടതും DD(E) യുമായി ബന്ധപ്പെട്ട് വേണ്ട പിന്തുണ ഉറപ്പുവരുത്തേണ്ടതാണ്.
- Counsellors ഓരോ ദിവസവും ചെയ്യുന്ന Tele counselling, ഗൃഹസന്ദർശനം തുടങ്ങിയവയുടെ റിപ്പോർട്ട് CDPO യ്ക്ക് നൽകേണ്ടതാണ്.
- മേൽ നിർദ്ദേശങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. പരീക്ഷാ ഫലം വരുന്നതിന് മുമ്പ് തന്നെ കുട്ടികൾക്ക് Tele counselling ഉം മറ്റും ലഭ്യമാക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്.

വനിതശിശുവികസന ഡയറക്ടർക്കുവേണ്ടി

PREETHY WILSON
ASSISTANT DIRECTOR
Women and Child Development Department
Poojappura, Thiruvananthapuram
Phone : [illegible]